പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3188 — 19/06/2019- ൽ മറുപടിയ്ക്ക്

## പ്ലാന്റ് ക്ലിനിക്കുകളും ഇക്കോ-ഷോപ്പുകളും ആരംഭിക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) നിയോജകമണ്ഡലങ്ങളിൽ പ്ലാന്റ് ക്ലിനിക്കുകളും ഇക്കോ ഷോപ്പുകളും ആരംഭിക്കുന്ന പദ്ധതി പ്രകാരം എല്ലാ നിയോജക മണ്ഡലങ്ങളിലും അതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതിയുടെ നിലവിലത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിളപരിപാലന പദ്ധതിയിൻ കീഴിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം എല്ലാ നിയോജ കമണ്ഡലങ്ങളിലും ഇക്കോഷോപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി സംസ്ഥാനത്ത് 241 ഇക്കോഷോപ്പുകൾ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ ആരംഭിച്ച 213 എക്കോഷോപ്പുകൾ ഉൾപ്പെടെ ആകെ 454 എണ്ണം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.<br>കൂടാതെ നടപ്പ് സാമ്പത്തിക വർഷം പുതിയ 15 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ താഴേക്കോട് കൃഷി ഓഫീസുമായി ബന്ധപ്പെട്ട് ഒരു പ്ലാന്റ് ക്ലിനിക്കും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലും വെട്ടത്തൂർ, ആലിപറമ്പ് ഗ്രാമപഞ്ചായത്തുകളിലും ഓരോ ഇക്കോഷോപ്പും ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ താഴേക്കോട് കൃഷിഭവനിൽ 2017-18 വർഷത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം താഴേക്കോട് കൃഷിഭവനുമായി ബന്ധപ്പെട്ട് ഒരു ഇക്കോഷോപ്പും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ ഒരു ഇക്കോഷോപ്പും പ്രവർത്തിക്കുന്നുണ്ട്.<br>നടപ്പ് സാമ്പത്തിക വർഷം വെട്ടത്തൂർ, ആലിപറമ്പ് എന്നിവിടങ്ങളിൽ ഇക്കോഷോപ്പ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ